നാളികേരത്തിന്റെ ഉൽപ്പാദനം

48 [4792] ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. പി. മോഹനൻ:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളികേരത്തിന്റെ ഉൽപ്പാദനം കർണ്ണാടക, തമിഴ്നാട്, ആന്ധ്ര എന്നീ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഒരു ഏക്കറിന് ശരാശരി എത്രയാണുള്ളത് എന്ന കണക്ക് സംസ്ഥാന ഗവൺമെന്റിന്റെ കൈവശം ഉണ്ടോ; എങ്കിൽ വിശദ വിവരം വ്യക്തമാക്കുമോ;

(ബി) കേരളത്തിൽ പ്രതീക്ഷിക്കാവുന്ന ഉൽപ്പാദനത്തിന്റെ തോത് ശരാശരി ഒരേക്കറിന് എത്ര ശതമാനത്തോളം വരുമെന്നും ഏതാണ്ട് എന്ത് തുക ഒരു വർഷം നാളികേര കൃഷിക്കാരന് നഷ്ടമാകുമെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഉൽപ്പാദനം കുറയുന്നതിന് പ്രധാനമായ കാരണങ്ങൾ എന്തൊക്കെയാണ്; ഇതു പരിഹരിക്കാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) 2000-01-ലെ കണക്കനുസരിച്ച് ഈ സംസ്ഥാനങ്ങളിൽ ഒരേക്കറിൽ നിന്നുള്ള ശരാശരി ഉൽപ്പാദനം താഴെപ്പറയും പ്രകാരമാണ്:

ആന്ധ്രാപ്രദേശ്	:	4264 എണ്ണം
തമിഴ്നാട്	:	3905 ,,
കർണ്ണാടകം	:	2102 ,,
കേരളം	:	2392 ,,

(ബി) കേരളത്തിൽ ഇപ്പോൾ നാളികേരത്തിന്റെ ഉൽപ്പാദനം തെങ്ങൊന്നിന് 25-30 എണ്ണമാണ്. ശരിയായ തോതിലുള്ള ഉൽപ്പാദനക്ഷമത പ്രതീക്ഷിക്കുന്നത് ഏക്കറിന് 4200-4400 എണ്ണമാണ്. (അതായത് തെങ്ങൊന്നിന് ഒരു വർഷം 60-65 നാളികേരം) മേൽപ്പറഞ്ഞ തോത് വച്ചു കണക്കാക്കുമ്പോൾ ഇപ്പോൾ കേരകർഷകന് ഒരു വർഷം 16,800 രൂപ വരുമാനം ലഭിക്കുന്ന സ്ഥാനത്ത് 8,400 രൂപ മാത്രമാണ് ഒരേക്കറിൽനിന്ന് ഒരു വർഷം ലഭിക്കുന്ന വരുമാനം.

(സി) തെങ്ങിന് ഉണ്ടായ കാറ്റുവീഴ്ച രോഗവും മണ്ഡരി കീടത്തിന്റെ ആക്രമണവുമാണ് ഉൽപ്പാദനം കുറയുന്നതിന്റെ പ്രധാന കാരണങ്ങൾ. സംസ്ഥാനത്ത് നാളികേര ഉൽപ്പാദന നഷ്ടം പരിഹരിക്കുന്നതിനായി കൃഷി വകുപ്പിലൂടെ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. തെങ്ങു കൃഷിക്കുവേണ്ടി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിലൂടെ കഴിഞ്ഞ ആറു വർഷക്കാലയളവിൽ 10 ലക്ഷത്തിൽപ്പരം തെങ്ങുകൾ വെട്ടി മാറ്റുകയും ശേഷിക്കുന്ന ഏകദേശം 70 ലക്ഷം തെങ്ങുകൾ വെട്ടിമാറ്റുന്നതിനും, പകരം മുന്തിയ ഇനം തെങ്ങിൻ തൈകൾ വച്ചു പിടിപ്പിക്കുന്നതിനും, നിലവിലുള്ള തെങ്ങുകൾക്ക് സംയോജിത വളപ്രയോഗ രീതികൾ അവലംബിച്ച് ഉൽപ്പാദനക്ഷമത കൂട്ടുന്നതിനും വേണ്ടിയുള്ള വിവിധ കേര വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ താഴെ പറയുന്നു:

(1) ടെക്നോളജി മിഷൻ പദ്ധതി:—37.697 കോടി രൂപ അടങ്കൽ തുകയായ ഈ പദ്ധതിപ്രകാരം 2002-03 മുതൽ 2006-07 വർഷം വരെയുള്ള കാലയളവിൽ 6,94,261 രോഗ ബാധിതമായ തെങ്ങുകൾ തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽനിന്നും വെട്ടിമാറ്റി പകരം 3,47,130 മുന്തിയ ഇനം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതും 73,524 ഹെക്ടർ സ്ഥലത്ത് നിലവിലുള്ള തെങ്ങുകൾക്ക് സംയോജിത വളപ്രയോഗ രീതികൾ അവലംബിക്കു ന്നതുമാണ്.

(2) നാളികേര വികസന ബോർഡിന്റെ പദ്ധതി:—2 ലക്ഷം രോഗബാധിതമായ തെങ്ങുകൾ 5 ജില്ലകളിൽനിന്നു നീക്കം ചെയ്യുന്നതും 1,000 ഹെക്ടറിൽ പ്രദർശന തോട്ടങ്ങൾ സംഘടിപ്പിക്കുന്നതും 50 ജൈവവള യൂണിറ്റുകൾ സ്ഥാപിക്കുന്നതുമാണ്. ഇതിനായി 887.50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(3) സംസ്ഥാനാവിഷ്കൃത നാളികേര വികസന പദ്ധതി:—ഈ പദ്ധതി പ്രകാരം തെങ്ങിൻതോട്ടങ്ങളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനും, സംയോജിത വളപ്രയോഗം, ജൈവവള വിത്തുവിതരണം, രോഗബാധിതമായ തെങ്ങുകൾ മുറിച്ചു മാറ്റൽ എന്നിവയ്ക്കായി 1,050 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഇതിനു പുറമെ കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം തുടങ്ങിയ രോഗമൂർച്ച അധികമുള്ള ജില്ലകളിൽ 59.14 ലക്ഷം തെങ്ങുകൾ വെട്ടിമാറ്റി 29.57 ലക്ഷം നല്ലയിനം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുന്നതിനും, ഈ തെങ്ങിൻ തൈകൾക്ക് 3 വർഷക്കാലം ശാസ്ത്രീയമായ പരിചരണം നൽകുന്നതിനുമായി 189.75 കോടി രൂപ അടങ്കൽ തുകയായി സമർപ്പിച്ചിട്ടുള്ള ഒരു ബൃഹത് പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ സജീവ പരിഗണനയിലുണ്ട്.

തെങ്ങു കയറ്റ യന്ത്രം വികസിപ്പിക്കാൻ നടപടി

49 [4793] ശ്രീ. റോഷി അഗസ്റ്റിൻ:
„ തോമസ് ചാഴികാടൻ:
„ കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങുകയറ്റ തൊഴിലാളികളുടെ കുറവുമൂലം കേര കർഷകർ നേരിടുന്ന ബുദ്ധിമുട്ട് തരണം ചെയ്യാൻ തെങ്ങു കയറ്റ യന്ത്രം വികസിപ്പിക്കാൻ സർക്കാർ ഉദ്ദേശി ക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതു സംബന്ധിച്ചു സാങ്കേതിക വിദഗ്ദ്ധരുമായി ചർച്ച നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത യന്ത്രോപകരണം നിർമ്മിക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത ഉപകരണത്തിന് നിർമ്മാണച്ചെലവ് എത്ര വരുമെന്ന് കണക്കാക്കി യിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly